**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **13-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾ നേരിടുന്ന വിവേചനങ്ങൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.വി.സുമേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീസമൂഹം ഉൾപ്പെടെ സമൂഹത്തിലെ ഒരു വിഭാഗം ആളുകൾ സ്ത്രീകളെയും പെൺകുട്ടികളെയും രണ്ടാംതരക്കാരായി പരിഗണിക്കുന്ന സാംസ്കാരിക അപചയം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള പ്രചരണത്തിന് സാംസ്കാരിക വകുപ്പ് മുൻകൈയെടുക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടിക്ക് സാംസ്കാരികകാര്യ വകുപ്പ് മുൻകൈ എടുക്കുന്നുണ്ട്. സമീപകാലത്ത് കേരളത്തിൽ സ്ത്രീധന മരണങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ സമൂഹ മനസാക്ഷിയെ ഞെട്ടിക്കുന്നതാണ്. നവോത്ഥാന സമരങ്ങളിലൂടെ കേരളം ആർജ്ജിച്ച മാനവികതയുടെയും തുല്യനീതിയുടെയും സ്ത്രീപക്ഷ കാഴ്ചപ്പാടുകളുടെയും സാംസ്കാരിക പാരമ്പര്യത്തെ നിരാകരിക്കുന്നതാണ് ഇത്തരം സംഭവ വികാസങ്ങൾ. ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീപുരുഷ തുല്യത നിരാകരിക്കുന്നതും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നതും ക്രിമിനൽ കുറ്റകൃത്യമാണ് എന്നതു പോലെ ഒരു സാംസ്കാരിക പ്രശ്നവുമാണ്. കുറ്റകൃത്യങ്ങളെ ശക്തമായ നിയമങ്ങൾ കൊണ്ട് നേരിടാം. എന്നാൽ സാംസ്കാരിക അപചയത്തെ സാംസ്കാരിക ഇടപെടൽ കൊണ്ടുമാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളു. ഈ തിരിച്ചറിവിന്റെ പശ്ചാത്തലത്തിലാണ് സമൂഹത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സാംസ്കാരിക ഇടപെടൽ നടത്തുന്നതിന് "സമം - സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചത്. സമീപ കാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 'സമം' പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനം 2021 സെപ്റ്റംബർ 4 |

| | | | |
|---|---|---|---|
| | | | ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. പ്രശസ്ത ഗായിക പത്മഭൂഷൺ കെ.എസ്. ചിത്രയെ 'സമം' പരിപാടിയുടെ അംബാസിഡറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനാധിഷ്ഠിതമായ അവകാശങ്ങളും സുരക്ഷയും സ്ത്രീകൾക്ക് നൽകുന്നതിനും നിയമപരമായി ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെപ്പറ്റി ബോധ്യപ്പെടുത്തുന്നതിനുമുള്ളതാണ് ഈ പരിപാടി. കേരളത്തിൽ നടന്നിട്ടുള്ള നവോത്ഥാന മുന്നേറ്റത്തിന്റെ തുടർച്ചയുമാണിത്. |
| (ബി) | വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള സമം പ്രചരണ പരിപാടിയെ കുറിച്ച് വിശദമാക്കാമോ; | (ബി) | സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന വിദ്യാഭ്യാസ സാംസ്കാരിക പരിപാടിയായ “സമം” വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, യുവജനക്ഷേമം, വനിത ശിശു വികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. സമത്തിന്റെ ഉദ്ഘാടനം സെപ്റ്റംബർ 4 ശനിയാഴ്ച ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. സമം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മുഖ്യമന്ത്രി അധ്യക്ഷനായും സാംസ്കാരിക വകുപ്പ് മന്ത്രി ഉപാധ്യക്ഷനായും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനറായും ഒരു സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമാനമായി, ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിലും തദ്ദേശ സ്ഥാപനങ്ങളിൽ അതാത് തദ്ദേശസ്ഥാപന മേധാവികൾ അധ്യക്ഷരായും സെക്രട്ടറി കൺവീനറായും സമിതികൾ രൂപീകരിച്ച് വരുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്ത് അംഗം / ഗ്രന്ഥശാലാ സംഘം പ്രസിഡന്റ്/ സാംസ്കാരിക പ്രവർത്തകൻ ചെയർമാനായി വാർഡ്തല സമിതികളും രൂപീകരിച്ച് വരുന്നു. പോസ്റ്ററുകൾ വഴിയും സാമൂഹികമാധ്യമങ്ങൾ വഴിയുമുള്ള പ്രചാരണം, വിവിധ കലാ സാംസ്കാരിക സാഹിത്യ പരിപാടികൾ, സ്ത്രീപക്ഷ നാടകങ്ങൾ, ചലച്ചിത്രങ്ങൾ, ഓഡിയോ ബുക്കുകൾ തുടങ്ങിയവ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കത്തക്ക വിധമുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് മുഖ്യ പരിപാടികൾ. മൂന്ന് തരത്തിലുള്ള പരിപാടികളാണ് സമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. (1) ചരിത്ര – വർത്തമാന കാലത്തെ സ്ത്രീമികവുകൾ കണ്ടെത്തുകയും ആദരിക്കുകയും അവരെക്കുറിച്ചുള്ള ഡോക്യുമെന്റേഷൻ തയ്യാറാക്കുകയും ചെയ്യുക. (2) കലാ സാഹിത്യ സാംസ്കാരിക പരിപാടികളിലൂടെ സ്ത്രീ സമത്വം എന്ന ആശയം പൊതുസമൂഹത്തിന്റെ ചർച്ചയിലേയ്ക്കും അവബോധത്തിലേയ്ക്കും എത്തിക്കുക. |

ഓരോ വീട്ടും ഓരോ യൂണിറ്റ് എന്ന സങ്കല്പത്തിലാണ് ഈ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. (3) വീട്ടുകളിലും സമൂഹത്തിലും സ്ത്രീയ്ക്ക് നേരിടേണ്ടി വരുന്ന വിവേചനങ്ങൾ പല മേഖലകളിലും സ്ത്രീയുടെ പ്രവേശനത്തെയും നൈപുണ്യത്തെയും നിഷേധിക്കുന്നു. ഇത്തരം മേഖലകൾ കണ്ടെത്തി സ്ത്രീകളെ ആ രംഗത്ത് എത്തിക്കുന്നതിനും മികവുറ്റവരാക്കുന്നതിനും വേണ്ട സാംസ്കാരിക പിന്തുണ നൽകുകയാണ് ഉദ്ദേശിക്കുന്നത്. ഒരു വർഷം കൊണ്ട് വ്യത്യസ്ത മേഖലകളിൽ മികവുകൾ പ്രകടിപ്പിച്ചിട്ടുള്ള 1001 പ്രഗത്ഭ വനിതകളെ കണ്ടെത്തി ആദരിക്കുകയും അവരുടെ പ്രൊഫൈലുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് സമത്തിന്റെ ഒരു പ്രധാന പരിപാടിയാണ്. സമം പദ്ധതിയുടെ അംബാസിഡറായി പത്മഭൂഷൺ ശ്രീ. കെ. എസ്. ചിത്രയെയാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. താഴെ പറയുന്ന പ്രഗത്ഭ വനിതകളെ ഇതിനോടകം ആദരിച്ചിട്ടുണ്ട്. 1) ശ്രീമതി നഞ്ചിയമ്മ – ഗോത്രകലാകാരി 2) പത്മശ്രീ ലക്ഷ്മിക്കുട്ടി - പാരമ്പര്യവൈദ്യം 3) പത്മശ്രീ എം.ഡി. വത്സമ്മ – കായികം 4) ജസ്റ്റിസ് ഫാത്തിമാ ബീവി - ആദ്യ വനിതാ സുപ്രീംകോടതി ജഡ്ജി 5) ശ്രീലേഖ ഐ.പി.എസ്. - കേരളത്തിലെ ആദ്യ വനിതാ ഐ.പി.എസ്. ഓഫീസർ 6) ആര്യ രാജേന്ദ്രൻ - മേയർ, തിരുവനന്തപുരം 7) ഡോ. കെ. ഓമനക്കുട്ടി - സംഗീതജ്ഞ 8) സേതുലക്ഷ്മി - നാടക – സിനിമാതാരം 9) ഫൗസിയ ഫാത്തിമ – ക്യാമറ വുമൺ 10) ദീപ ജോസഫ് - ആംബുലൻസ് ഡ്രൈവർ 11) കെ.സി. രേഖ – ആഴക്കടൽ മത്സ്യബന്ധനത്തിൽ ലൈസൻസ് നേടിയ ആദ്യവനിത 12) ഡോ.എസ്. ഓമന – ശ്രീനാരായണ ദർശനം (ഗവേഷണം) സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീനാരായണ അന്തർദേശീയ പഠന ഗവേഷണകേന്ദ്രം ഉൾപ്പെടെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടിക്ക് നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടു നിൽക്കുന്ന "സമം' ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ്, നെഹ്റു യുവ കേന്ദ്ര എന്നീ യുവജന പ്രസ്ഥാനങ്ങൾ, എസ്.പി.സി., സർവകലാശാല

| | | | |
|---|---|---|---|
| | | | യൂണിയനുകൾ, കോളേജ് യൂണിയനുകൾ, ലൈബ്രറി കൗൺസിൽ എന്നിവരെ കൂടി സജീവ പങ്കാളികളാക്കുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന സമം പദ്ധതിയിൽ 23 ഇനം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിന്റെ സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. മലയാളം മിഷൻ ഡയറക്ടർ അദ്ധ്യക്ഷയും ചലച്ചിത്ര വികസന കോർപ്പറേഷൻ എം.ഡി കൺവീനറും ഭാരത് ഭവൻ മെമ്പർ സെക്രട്ടറി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ചലച്ചിത്ര അക്കാദമി സെക്രട്ടറി എന്നിവർ അംഗങ്ങളായിട്ടുള്ള പ്രോഗ്രാം കമ്മിറ്റി സാംസ്കാരിക വകുപ്പിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | തൊഴിലിടങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലും സ്വന്തം ഗൃഹത്തിലും സ്ത്രീകൾ വിവേചനം നേരിടുന്ന സ്ഥിതി പരിഹരിക്കുന്നതിനുള്ള ബോധവൽക്കരണത്തിന് പ്രാധാന്യം നൽകുമോ; ഇതിൽ മത, സാമുദായിക സംഘടനകളുടെ പങ്കുകൂടി കണക്കിലെടുത്ത് ഉചിതമായ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (സി) | തൊഴിലിടങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലും ഗൃഹങ്ങളിലും ബോധവൽക്കരണ പരിപാടികൾ എത്തിച്ചേരത്തക്കവിധമാണ് സമം പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലും വർത്തമാനഘട്ടത്തിലും മതങ്ങളുടെയും സമുദായങ്ങളുടെയും ഇടപെടലുകൾ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. മത സാമുദായിക സംഘടനകളുടെ കൂടി പങ്കാളിത്തത്തോടെ സ്ത്രീപുരുഷ സമത്വം എന്ന ആശയം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

File No.CLAD-C1/87/2021-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - "സമം-സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം" പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ (സി) വകുപ്പ്

G.O.(Ms)No.20/2021/CLAD തീയതി,തിരുവനന്തപുരം, 02/09/2021

---

പരാമർശം:- 1. മലയാളം മിഷൻ ഡയറക്ടറുടെ 09.07.2021-ലെ 1642/21/മ.മി നം കത്ത്.

2. 4.07.2021 ന് ബഹു. സാംസ്കാരിക കാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന് യോഗതീരുമാനം.

<u>ഉത്തരവ്</u>

സമീപ കാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സമം". വൈവിധ്യപൂർണ്ണമായ പ്രവർത്തനങ്ങളാണ് സ്ത്രീ സമത്വത്തിനായുള്ള "സമം" എന്ന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്കു നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം" ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ് എന്നീ യുവജന പ്രസ്ഥാനങ്ങൾ എന്നിവ കൂടി സജീവമായി പങ്കാളികളാകുന്നു. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ എല്ലാവരുടെയും മനസ്സറിഞ്ഞു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഉൾച്ചേർന്നിട്ടുള്ളത്. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ താഴെപറയുന്ന 23 ഇനം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

File No.CLAD-C1/87/2021-CLAD

1. ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിനിൽ ലിംഗ സമത്വം അടിസ്ഥാന പൗരാവകാശം ആയി അംഗീകരിച്ച നിരവധി വിഷയങ്ങളിൽ സെമിനാറുകൾ നടത്തും.

2. സ്ത്രീ സ്വാതന്ത്ര്യത്തെയും ശാക്തീകരണത്തേയും അടയാളപ്പെടുത്തുന്ന - മൈക്രോഫിലിംസ്.

3. മൂന്ന് മിനിറ്റ് വരുന്ന കവിതയും, സംഗീതവും നൃത്തവും ഇഴചേർത്ത - ജിംഗിൾസ്

4. വിഖ്യാത വ്യക്തിത്വങ്ങളുടെ വാക്കുകളിലൂടെയും കവിതകളിലൂടെയും ലിംഗനീതിക്കായുള്ള - മൾട്ടി മീഡിയ മ്യൂസിക് ആൽബം.

5. ചരിത്രത്തിലെയും പുരാവൃത്തങ്ങളിലെയും വീരാംഗനമാരുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്ന - ഹ്രസ്വ ദൃശ്യാവിഷ്കാരങ്ങൾ

6. പ്രതിസന്ധികളിൽ പതറാതെ വിജയം കൈവരിച്ച വർത്തമാനകാല സ്ത്രീകളെ കുറിച്ചുള്ള -മോട്ടിവേഷൻ ഫിലിംസ്.

7. കേരളത്തിലെ നവോത്ഥാന നാടകങ്ങളിലെയും ലോക പ്രശസ്ത നാടകങ്ങളിലേയും സ്ത്രീനീതിയുടെ തീവ്രതയാർന്ന രംഗങ്ങൾ ഉൾപ്പെടുത്തിയ-മൈക്രോ തീയേറ്റർ സ്കെച്ചസ്.

8. സമൂഹത്തിലെ സ്ത്രീകളുടെ ഇഛാശക്തി വളർത്തിയെടുക്കുവാനായി പെൺ-കലാസംഘങ്ങൾ ഒരുക്കുന്ന മോട്ടിവേഷൻ പാന്റോ മൈം

9. ലിംഗനീതി പ്രമേയമാക്കി വിദ്യാർത്ഥികൾക്കും പൊതു വിഭാഗത്തിലും നടത്തുന്ന റേഡിയോ നാടക മത്സരം

10. സമം-സാംസ്കാരിക ദൗത്യത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന- ആനിമേഷനുകൾ

11. വനിത ചലച്ചിത്ര പ്രവർത്തകരുടെ ക്യാമ്പ് നടത്തി ഒരുക്കുന്ന -ഷോർട്ട് ഫിലിമുകൾ

12. സമൂഹത്തിലേക്ക് നല്ല സന്ദേശം പകരുന്ന നായികാ പ്രാധാന്യമുള്ള

File No.CLAD-C1/87/2021-CLAD

ചലച്ചിത്രങ്ങളുടെ ടൂറിംഗ് തീയേറ്റർ പദ്ധതി.

13. മലയാള സാഹിത്യത്തിലെ പെണ്ണെഴുത്തിന്റെ ചരിത്രവും എഴുത്തുകാരികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക ആവിഷ്കാരങ്ങളും 'അവൾ സാഹിത്യത്തിൽ'

14. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലകളിലെ സ്ത്രീ സംഭാവനകളെ അടയാളപ്പെടുത്തുന്ന ഇൻഫർമേറ്റീവ് വീഡിയോസ്.

15. ചലച്ചിത്രങ്ങളിലെ കരുത്താർന്ന സ്ത്രീ കഥാപാത്രങ്ങളിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ

16. ഷീ-റേഡിയോ

1) സമകാലിക സ്ത്രീ നീതിക്കുവേണ്ടിയുള്ള ചിന്തകൾ അവതരിപ്പിക്കുന്ന പെൺ കവിയരങ്ങുകൾ

2) ഓഡിയോ ബ്ലോഗ്- എന്റെ ശബ്ദം എന്ന പേരിൽ വിവിധ സാമൂഹിക വിഷയങ്ങളിലെ സ്ത്രീകളുടെ പ്രതികരണങ്ങൾ.

3) സ്ത്രീ കേന്ദ്രീകൃത രചനകളുടെ ആവിഷ്കാരം

17. ലിംഗസമത്വം എന്ന ആശയത്തെ മുൻനിർത്തി വിവിധ ഭാഗങ്ങളിലുള്ളവർക്കുവേണ്ടി സംസ്ഥാനതലത്തിൽ പോസ്റ്റർ മത്സരം.

18. ഒരു ഗ്യാലറിയിൽ 7 ദിവസം എന്ന ക്രമത്തിൽ ലളിതകലാ അക്കാദമിയുടെ 12 ആർട്ട് ഗ്യാലറികളിൽ ചിത്രകാരികളുടെ ചിത്രപ്രദർശനങ്ങൾ.

19. കേരളവും സ്ത്രീസമൂഹവും എന്ന പേരിലുള്ള കൈപ്പുസ്തകം.

20. നവോത്ഥാന വനിതാ സാഹിത്യ ശിൽപശാല- ഫെല്ലോഷിപ്പുകളും ശിൽപശാല ഒരുക്കി ലിംഗ സമത്വത്തിനായുള്ള പദകോശവും (ലഘു വിജ്ഞാന കോശം)

21. കേരളത്തിലെ സിനിമ-സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന സംവാദങ്ങൾ.

File No.CLAD-C1/87/2021-CLAD

22. സ്ത്രീപക്ഷ നിയമ ബോധവൽക്കരണ പരിപാടികൾ

23. സ്ത്രീകളുടെ സാമൂഹ്യ-സാംസ്കാരിക വളർച്ചകളുടെ വിവിധ ഘട്ടങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ.

2. മേൽ പരിപാടികളുടെ നടത്തിപ്പിനായി ചുവടെപ്പറയുന്ന രീതിയിൽ പ്രോഗ്രാം കമ്മിറ്റിയ്ക്ക് രൂപം നൽകുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ഉള്ളടക്ക രൂപീകരണം, അവയുടെ അംഗീകാരം, നടത്തിപ്പുമതലകൾ തുടങ്ങിയവ ഈ കമ്മിറ്റിയുടെ കൂട്ടായ തീരുമാനപ്രകാരം ആയിരിക്കും.

ചെയർ പേഴ്സൺ - പ്രൊഫ.സുജ സൂസൻ ജോർജ്ജ്, ഡയറക്ടർ, മലയാളം.മിഷൻ

കൺവീനർ - ശ്രീമതി എൻ.മായ ഐ.എഫ്.എസ്, മാനേജിംഗ് ഡയറക്ടർ,
കെ.എസ്.എഫ്.ഡി.സി.

അംഗങ്ങൾ - ശ്രീ.പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ
പ്രൊഫ.വി. കാർത്തികേയൻ നായർ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ശ്രീ. അജോയ്, സെക്രട്ടറി, കേരള ചലച്ചിത്ര അക്കാദമി

പ്രോഗ്രാം കമ്മിറ്റി അംഗീകരിക്കുന്ന സമം പദ്ധതിയുടെ ആശയവുമായി പൊരുത്തപ്പെടുന്ന മറ്റു പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കും.

3. സാംസ്കാരിക വകുപ്പിൻ കീഴിൽ നടപ്പാക്കുന്ന സമം പദ്ധതിയിൽ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം അത്യാവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഇതര യുവജന സ്ഥാപനങ്ങളെയും പങ്കാളികളാക്കുന്നു.

1. യൂത്ത് വെൽഫെയർ ബോർഡ്
2. യുവജന കമ്മീഷൻ
3. നെഹ്റു യുവകേന്ദ്ര
4. N.S.S
5. N.C.C
6. S.P.C
7. സാമൂഹ്യ സന്നദ്ധ സേന

File No.CLAD-C1/87/2021-CLAD

8. സർവ്വകലാശാല യൂണിയനുകൾ

9. കോളേജ് യൂണിയനുകൾ

10. ലൈബ്രറി കൗൺസിൽ

11. എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും

4. കൂടാതെ സംസ്ഥാന-ജില്ലാ-പഞ്ചായത്ത്-വാർഡ് തലങ്ങളിൽ സംഘാടക സമിതികൾ ചുവടെ പറയുന്ന തരത്തിൽ രൂപീകരിക്കുന്നു.

1. <u>സംസ്ഥാനതലം</u>

| | | |
|---|---|---|
| ചെയർമാൻ | : | ബഹു: മുഖ്യമന്ത്രി |
| വൈസ് ചെയർമാൻ | : | സാംസ്കാരിക വകുപ്പ് മന്ത്രി |
| ജനറൽ കൺവീനർ | : | സാംസ്കാരിക വകുപ്പ് സെക്രട്ടറി |
| ജോയിന്റ് കൺവീനർ | : | യുവജന ക്ഷേമ ബോർഡ് ചെയർമാൻ |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സംസ്ഥാനതല ചുമതലക്കാരും 10 പ്രമുഖ വ്യക്തിത്വങ്ങളും സംസ്ഥാനതല സമിതിയിൽ അംഗങ്ങളായിരിക്കും.

2. <u>ജില്ലാ തലം</u>

| | | |
|---|---|---|
| ചെയർമാൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | : | ജില്ലാ കളക്ടർ |

ജില്ലയിലെ എം.പിമാർ, എം.എൽ.എ.മാർ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന വ്യക്തികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ജില്ലാതല ചുമതലക്കാർ, കൂടാതെ ജില്ലയിൽ നിന്നും പ്രത്യേകം ഉൾപ്പെടുത്താൻ കഴിയുന്ന പത്ത് പ്രമുഖ വ്യക്തിത്വങ്ങൾ.

3. <u>പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലം</u>

| | | |
|---|---|---|
| ചെയർമാൻ | : | അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് |
| കൺവീനർ | : | കോർപ്പറേഷൻ/മുനിസിപ്പൽ/ |

File No.CLAD-C1/87/2021-CLAD

പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുന്ന പുരോഗമന ചിന്തയുള്ള പ്രമുഖ വനിത ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളും കൂടാതെ പ്രമുഖ 10 വ്യക്തിത്വങ്ങളും.

4. <u>വാർഡ്തല ജാഗ്രതാ സമിതി</u>

വാർഡ് മെമ്പർ കൺവീനറായ ജാഗ്രതാ സമിതിയിൽ വാർഡിലെ അംഗങ്ങൾ, തൊഴിലുറപ്പ് മേഖലയിലെ 40 വയസ്സ് കഴിയാത്ത 3 പേർ, വാർഡിലെ ക്ലബ്/ഗ്രന്ഥശാലകളുടെ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി, വാർഡിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ സെക്രട്ടറി അല്ലെങ്കിൽ പ്രസിഡന്റ് എന്നിവർ അംഗങ്ങൾ. നിശ്ചയിക്കപ്പെടുന്ന 3 പ്രമുഖ വ്യക്തികൾ.

5. സമം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുന്നു.

6. സാംസ്കാരിക വകുപ്പ് നേതൃത്വം നൽകുന്ന, മറ്റ് നിരവധി വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന "സമം" പദ്ധതി മേൽപ്പറഞ്ഞ രീതിയിലും ഘടനയിലും നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. സമം പദ്ധതിയുടെ നിർവ്വഹണ ചെലവ് സംബന്ധിച്ച് സർക്കാർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Janardhanan K

Additional Secretary

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, യുവജനകാര്യ വകുപ്പ്.

സെക്രട്ടറി,പൊതുവിദ്യാഭ്യാസ വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

ഡയറക്ടർ, പുരാവസ്തു വകുപ്പ്

File No.CLAD-C1/87/2021-CLAD

ഡയറക്ടർ, പുരാരേഖാ വകുപ്പ്

ഡയറക്ടർ, മ്യൂസിയവും മൃഗശാലയും വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

ഡയറക്ടർ, മലയാളം മിഷൻ

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ.

രജിസ്ട്രാർ, കേരള കലാമണ്ഡലം ഡീമ്ഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി.

സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി

സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ

സെക്രട്ടറി, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്,

സെക്രട്ടറി, ശ്രീ നാരായണ ഇൻറർനാഷണൽ സ്റ്റഡി സെന്റർ

സെക്രട്ടറി, വാസ്തുവിദ്യാ ഗുരുകലം

മെമ്പർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ

സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം

സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ

File No.CLAD-C1/87/2021-CLAD

സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി.

സെക്രട്ടറി, കൊങ്കണി സാഹിത്യ അക്കാഡമി

ഡയറക്ടർ, ഡിപ്പാർട്ടുമെന്റ് ഓഫ് സെന്റർ ഫോർ ഹെറിറ്റേജസ് സ്റ്റഡീസ്

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഡയറക്ടർ, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

സെക്രട്ടറി , കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

ചെയർമാൻ, യുവജന ക്ഷേമ ബോർഡ്.

ചെയർപേഴ്സൺ, സംസ്ഥാന യുവജന കമ്മിഷൻ.

എല്ലാ ജില്ലാകളക്ടർമാർക്കും.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ .

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

സാംസ്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

[illegible] 02/09/21 05:41 PM